അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

5(*274) ശ്രീ. ആർ . സെൽവരാജ്:

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്.

(ബി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിലെ താമസക്കാരായ അവിദഗ്ധ, കായികാദ്ധ്വാനം ചെയ്യുവാൻ തയ്യാറുള്ള പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ നൽകുക എന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം.

(സി)പദ്ധതി നടത്തിപ്പിനുവേണ്ടി നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും ഡി.പി.സി. അംഗീകരിച്ച് നഗരകാര്യ മേഖലാ ഡയറക്ടർമാർ സൂക്ഷ്മപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിക്കുന്ന പക്ഷം ബന്ധപ്പെട്ട നഗരസഭകൾക്ക് തുക അനുവദിച്ചു നൽകുകയുമാണ് ചെയ്യുന്നത്. 2012-13 മുതൽ 2015-16 വരെ വിവിധ നഗരസഭകളിലായി 9,31,291 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ്

6(*275) ശ്രീ. ജെയിംസ് മാത്യു:

ശ്രീ. എം. എ. ബേബി:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ് അനുവദിക്കുന്നതിന് ബിൽ സിസ്റ്റം നടപ്പിലാക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly